മലപ്പുറം	507	610
കോഴിക്കോട്	328	390
വയനാട്	54	60
കണ്ണൂർ	137	165
കാസർഗോഡ്	88	105
ആകെ	5000	6000

പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംവരണം

276(977) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്വകാര്യമേഖലയിലും ഐ.ടി.ഐ.കളിലും പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇല്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായി വിശദമായ ചർച്ച നടത്തി തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾക്കുള്ള ഗ്രാന്റ്

277(978) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുന്നുണ്ടോ;

(ബി) ഏത് വർഷം വരെയുള്ള ഗ്രാന്റാണ് നിലവിൽ കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഒരു എഴുത്തുകാരന് നൽകുന്ന ഗ്രാന്റ് തുകയെത്രയെന്ന് വിശദമാക്കുമോ; ഇത് കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) പിന്നാക്ക വിഭാഗത്തിലുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വതന്ത്രമായും ഗ്രാന്റ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly